# മിഥ്യാപ്രവാദം

ഉളളൂർ

# മിഥ്യാപവാദം

2084

ഉള്ളൂർ

എസ്. പരമേശ്വരയ്യർ

ULLUR PUBLISHERS
TRIVANDRUM.
JAGATY

ഉള്ളൂർ പബ്ലിഷേഴ്സ്

തിരുവനന്തപുരം.

*All Rights Reserved*]

**1956**

വില രൂപ 1

Ist Impression 3000

*Printed at the*

SRIDHARA PRINTING HOUSE

Trivandrum—1

പ്രസാധകരുടെ മുദ്രയില്ലാത്ത പുസ്തകം വ്യാജനിർമ്മിതമാകുന്നു.

2888

# ഉള്ളൂർ

(ശൂരനാട്ടു കുഞ്ഞൻപിള്ള, എം. എ.)

നമ്മുടെ ആരാധന അർഹിക്കുന്ന ഒരു മഹാനെ സ്മരിക്കാനാണ് ഞാൻ ഇന്നു നിങ്ങളെ അഭിസംബോധന ചെയ്യുന്നതു്. ഈ അടുത്തകാലം വരെ നമ്മുടെ അഭിമാനസമ്പത്തായി ശോഭിച്ച ഉള്ളൂർ പരമേശ്വരയ്യരെപ്പററിയാണ് ഞാൻ സൂചിപ്പിക്കുന്നതു്. സാധാരണരീതിയിൽ അദ്ദേഹത്തെ മഹാകവിയെന്നു വിശേഷിപ്പിക്കാൻ ഞാൻ മറന്നു പോയതല്ല. ആ വിചാരം എൻെറ മനസ്സിൽ മൊട്ടിട്ടു. എന്നാൽ, അതിനോടൊത്തു മററു ചില മൊട്ടുകളും അതേകലയിൽ ഉദിച്ചു. മഹാനായ ഒരു കവിയായി മാത്രമല്ല ഉള്ളൂർ എൻെറ ചിന്തയിൽ തെളിയുന്നതു്. സാഹിത്യനഭസ്സിൽ അദ്ദേഹത്തെക്കാൾ ഉജ്ജ്വലമായ യശോരശ്മി വിതറിയ കവികൾ പരിമിതമാണു്. എന്നാലും കവിയശസ്സുമാത്രം പരിഗണിച്ചാൽ അദ്ദേഹത്തെ അതിശയിക്കുന്ന ഏതാനും കവികൾ നമ്മുടെ സാഹിത്യത്തിൽതന്നെ സ്മൃതി വിഷയമാകും. എന്നാൽ ഉള്ളൂരിൻെറ മററു സിദ്ധികളെപ്പററി ആലോചിക്കുമ്പോഴോ? അനേകം ഭാഷകളിലും വിഷയങ്ങളിലും അദ്ദേഹം നേടിയിരുന്ന അഗാധമായ പാണ്ഡിത്യം, ദീർഘവും അധികാരമേദുരവുമായ ഔദ്യോഗികജീവിതം, ഇവയെല്ലാം ഒരുപോലെ സിദ്ധമായ വേറൊരു മലയാളി എന്റെ ഓർമ്മയിൽ വരുന്നില്ല. ഈ സിദ്ധികളെല്ലാം ഒരുപോലെ മികച്ചുനില്ക്കുന്ന ഒരാൾ

എവിടെയും ഏതുകാലത്തും അത്ഭുതവിഷയംതന്നെ ആയിരിക്കും.

## ഉദ്യോഗജീവിതം

ഓരോ മണ്ഡലത്തിലും അദ്ദേഹം നേടിയ സ്ഥാനം പ്രത്യേകമായി എടുത്താലും സ്ഥിരയശസ്സിന്നു അദ്ദേഹം അർഹനാണ്. നോക്കാം; തിരുവിതാംകൂറിനെ ദീർഘകാലം സത്യസന്ധതയോടും നീതിനിഷ്ഠയോടും സേവിച്ച ഒരുദ്യോഗസ്ഥനായിരുന്നല്ലോ അദ്ദേഹം. ആ നിലയിൽ ഉള്ളൂർ രണ്ടാംതരക്കാരനല്ല. ഉന്നതമായ സംസ്കാരവും ഉറച്ചകൃത്യബോധവും ഗാഢമായ രാജ്യസ്നേഹവും നിഷ്പക്ഷതയും അദ്ദേഹത്തിന്റെ ഉദ്യോഗജീവിതത്തെ ഭാസുരമാക്കി. ഉദ്യോഗജീവിതത്തിൽ നിന്നുനേടിയ മഹിമകൊണ്ട് അദ്ദേഹത്തിനു ചാരിതാർത്ഥ്യ അടയാമായിരുന്നു. എന്നാൽ ഉദ്യോഗജീവിതത്തെ ഏതാണ്ടു വിസ്മരിപ്പിക്കത്തക്കതാണ് ഉള്ളൂരിന്റെ സാഹിത്യജീവിതവും, സാംസ്കാരികജീവിതവും. പാണ്ഡിത്യസമ്പാദനത്തിനുമാത്രം ജീവിതം ഉഴിഞ്ഞുവച്ചമഹാന്മാരായ പണ്ഡിതന്മാരെ പരാജിതരാക്കത്തക്ക നിലയിൽ വിജ്ഞാനസമ്പാദനത്തിന് അദ്ദേഹം ജീവിതം അർപ്പിച്ചിരുന്നു. അതിന്റെ വ്യാപ്തിയോ? സംസ്കൃതം, ഇംഗ്ലീഷ്, മലയാളം, തമിഴ് എന്നു് അനേകം ഭാഷകളിൽ, സാഹിത്യം, ചരിത്രം, തത്വശാസ്ത്രം പുരാണവസ്തുശാസ്ത്രം, ധനശാസ്ത്രം, നിയമശാസ്ത്രം, നരവർഗ്ഗശാസ്ത്രം, രാജ്യതന്ത്രം എന്നിങ്ങനെ പല വിഷയങ്ങളിൽ, ഒരു പണ്ഡിതനെന്നനിലയ്ക്കു മാത്രം കരുതിയാലും മലയാളദേശത്തുണ്ടായിട്ടുള്ള മഹാന്മാരുടെ മുന്നണിയിൽ നില്ക്കാൻ അദ്ദേഹത്തിനു കഴിയും.

ഇതുകൊണ്ടും അദ്ദേഹത്തിൻെറ അപദാനങ്ങൾ മുഴുവനാകുന്നില്ല. സാഹിത്യഭൂവിലുള്ള അദ്ദേഹത്തിൻെറ നേട്ടങ്ങളാണല്ലൊ ഏററവും കൂടുതൽ പ്രശംസയ്ക്കു വിഷയമായി ഇന്നു ശോഭിക്കുന്നതു്. സാഹിത്യരചനയിൽ മാത്രം, വ്യാപൃതരായി കഴിച്ച കവികൾതന്നെയും കാവ്യസഞ്ചാരത്തിൽ ഉള്ളൂരിനെ അധികം പിന്നിലാക്കുന്നില്ല. വ്യാപ്തിയിലും വൈവിധ്യത്തിലും അത്രകണ്ടു വിപുലമാണു് അദ്ദേഹത്തിൻെറ കൃതികൾ. ഇങ്ങനെ ഉദ്യോഗസേവനത്തിൻെറ ഔന്നത്യം, വിസ്തൃതമായ വിജ്ഞാനത്തിന്റെ ഗാംഭീര്യം, സാഹിത്യോപാസനകൊണ്ടുള്ള കീർത്തിധാവള്യം ഇവ ചേർന്നു് ഒരു അപൂർവ്വവ്യക്തിപ്രഭാവമാണു് ഈ മഹാനിൽ കളിയാടുന്നതു്.

## അഗാധപണ്ഡിതൻ

ഉള്ളൂർ ദിവംഗതനായിട്ടു ഇപ്പോൾ അധികം കാലം ആയിട്ടില്ല. അദ്ദേഹത്തെപ്പററിയുള്ള സ്മരണ വളരെ പുത്തനായിരിക്കുന്നതേയുള്ളു. അദ്ദേഹത്തിൻെറ സ്ഥിരവാസം കൊണ്ടു പ്രത്യേകബന്ധമുള്ള തിരുവനന്തപുരത്തു മാത്രമല്ല, കേരളത്തിൻെറ ഏതു രംഗത്തും അത്രകണ്ടു പരിചിതനായ ഒരു വ്യക്തി ആയിരുന്നു അദ്ദേഹം. ഉദ്യോഗജീവിതത്തിൽ തിരുവിതാംകൂറിന്റെ നാനാഭാഗങ്ങളിലും ചെന്നു് ബഹുജനങ്ങളുടെ പ്രീതിനേടാൻ അദ്ദേഹത്തിനു സാധിച്ചു. സംസ്കാരജീവിതംകൊണ്ടു അദ്ദേഹത്തിൻെറ പരിചയമണ്ഡലത്തിന്റെ സീമ വളരെ വർദ്ധിപ്പിക്കുന്നതിനും അദ്ദേഹത്തിനു കഴിഞ്ഞു. ഒരു ഭാഷാഭക്തനെന്ന നിലയ്ക്കു് അദ്ദേഹം കേരളത്തിൻെറ എല്ലാഭാഗങ്ങളിലേക്കും ചെന്നു്,

ആദരവു സമാർജിച്ചു. സംസ്കാരമുള്ള എല്ലാ മലയാളഗൃഹ ങ്ങളിലും അദ്ദേഹത്തിന്റെ കൃതികളെ സ്വാഗതംചെയ്തു. മലയാളികളുടെ മനസ്സിൽ അദ്ദേഹത്തിന്റെ വ്യക്തിത്വം പ്രതിഷ്ഠിതമായി. അദ്ദേഹത്തിന്റെ നാവിൽ വിളയാടിയ സരസ്വതിയുടെ കളമഞ്ജീരശിഞ്ജിതങ്ങൾ കേരളദേശ ത്തിലെവിടെയും മുഖരിതമായി. അദ്ദേഹം കൊളുത്തിയ വിജ്ഞാനദീപികയും ഭക്തിദീപികയും കേരളത്തിലെങ്ങും സുവർണ്ണരശ്മി വിതറി. ഇത്രത്തോളം വിജ്ഞാനസിദ്ധിയുള്ള ആളുകൾ സർക്കാർ സേവനത്തിൽ അപൂർവ്വമാണെന്നു ലോകം സമ്മതിച്ചു. ഇതുപോലെ പാണ്ഡിത്യമുള്ള ഒരു കവി ചുരുക്കമായേ ഉണ്ടായിട്ടുള്ളു എന്നു് നിരൂപകന്മാർ കൊണ്ടാടി. ജനനംകൊണ്ടു തമിഴ്മാതൃഭാഷയായ ഒരാൾ മലയാളത്തിൽ ഇത്ര പ്രഭാവം സമ്പാദിച്ചതു് അത്ഭുതമാ ണെന്നു് എല്ലാവരും സമ്മതിച്ചു. ആംഗലീയ അധികാര ത്തിന്റെയും അന്തസ്സിന്റേയും ഭാഷയായി പൂജിച്ചുപോന്ന കാലത്തു് ആംഗലഭാഷയിൽ അസാമാന്യമായ പാണ്ഡിത്യ മുണ്ടായിരുന്നിട്ടും ഗൈർവാണിയെ ആരാധിക്കാനും കൈ രളിയെ താലോലിക്കാനും അദ്ദേഹം മുതിർന്നതു് അത്ഭുത ബഹുമാനങ്ങൾക്കു ഹേതുവായി. ഈ പ്രത്യേകതകളെല്ലാം ഉള്ളൂരിനെപ്പററിയുള്ള സ്മരണ കേരളീയരുടെ ഹൃദയങ്ങ ളിൽ ഉറപ്പിക്കുന്നതിനു് പര്യാപ്തമായി.

## ഔന്നത്യത്തിന്റെ പടികൾ

കുടുംബസ്ഥിതിയും പൂർവ്വാജ്ജിതമായ സമ്പത്തുമല്ല ഉള്ളൂരിനെ ഉയർത്തിയതു്. ജന്മസിദ്ധമായ ബുദ്ധിവിലാ സവും പരിശ്രമശക്തിയുമാണു്. വലിയ സ്ഥിതിയില്ലാത്ത

ഒരു പുരാതന ബ്രാഹ്മണകുടുംബത്തിലായിരുന്നു അദ്ദേഹത്തിന്റെ ജനനം. അദ്ധ്യാപകവൃത്തിയിൽനിന്നു് ഉയൎന്നു് പള്ളിക്കൂടം ഇൻസ്പെക്ടരായിരുന്ന സുബ്രഹ്മണ്യയ്യർ എന്നൊരു മാന്യനായിരുന്നു മഹാകവിയുടെ പിതാവു്. സുബ്രഹ്മണ്യയ്യർ ചങ്ങനാശ്ശേരിയിൽ താമസിച്ചുകൊണ്ടിരിക്കെ, കൊല്ലവർഷം 1052-ാമാണ്ടു് ഇടവം 25-ാം നു- ആണു് പരമേശ്വരയ്യർ ജനിച്ചതു്. 13-ാമത്തെ വയസ്സിൽ പിതൃവിയോഗം സഹിക്കേണ്ടിവന്ന പരമേശ്വരയ്യൎക്കു താങ്ങിനു ആളില്ലെന്നുള്ള നില വന്നുചേൎന്നു. ആ സ്ഥിതിയിൽ നിന്നു് തന്നെയും തന്റെ കുടുംബത്തെയും അസൂയാജനകമായ പദവിയിലേയ്ക്കു് ഉയൎത്താൻ അദ്ദേഹത്തിനു സാധിച്ചതു് മേധാബലവും പരിശ്രമശക്തിയും കൊണ്ടായിരുന്നു. വിദ്യാൎത്ഥി ആയിരുന്നപ്പോഴും, പിന്നീടു് ഉദ്യോഗങ്ങളിലിരുന്നപ്പോഴും കൃത്യനിർവ്വഹണത്തിലും ജ്ഞാനസമ്പാദനത്തിലും അദ്ദേഹം ചെയ്തിട്ടുള്ള പരിശ്രമം മനുഷ്യശക്തിയുടെ അതിരുകണ്ടതായിരുന്നു. ഈ പരിശ്രമം കൊണ്ടു അദ്ദേഹം സാധിച്ച കാൎയ്യങ്ങൾ ഒരു ഇതിഹാസമെന്നതുപോലെ വിസ്മയകരവുമാണു്.

ബാല്യത്തിൽ സംസ്കൃതവും മലയാളവും പിന്നീടു ഇംഗ്ലീഷും പഠിച്ചു് ഉന്നതങ്ങളായ ബിരുദങ്ങൾ, അദ്ദേഹം നേടി, അദ്ധ്യാപകൻ; സെൻസസ്സു് ആഫീസിൽക്ലാർക്കു് തഹശീൽ മജിസ്ത്രേട്ടു്, മുൻസിഫു്, ഗവർമ്മെണ്ടു് അസിസ്റ്റന്റു സെക്രട്ടറി, സെക്രട്ടറി, ചീഫ്സെക്രട്ടറി, ദിവാൻ പേഷ്ക്കാർ എന്നീ ഉദ്യോഗങ്ങൾ അദ്ദേഹം വഹിച്ചിരുന്നു. സർക്കാർ സേവനത്തിൽനിന്നു് അടുത്തുൺ പററിയതിനു ശേഷവും ഹജ്ജൂർ പുരാതന രേഖാവകുപ്പിന്റെ ഓണററി

ഡയറക്ടരായും, തിരുവിതാംകൂർ സർവ്വകലാശാലയിൽ പൗരസ്ത്യഭാഷകളുടെ ഡീനായും, അദ്ദേഹം സേവനം അനുഷ്ഠിച്ചു. ഉദ്യോഗത്തിൽ ഇരുന്ന കാലത്തു് ഉദ്യോഗകൃത്യങ്ങൾക്കു പുറമേ, എത്രയോ പ്രത്യേകകാര്യങ്ങളിൽ അദ്ദേഹം ഗവർമ്മെണ്ടിനുവേണ്ടി വിദഗ്ദ്ധസേവനം അനുഷ്ഠിച്ചിട്ടുമുണ്ടു്.

ക്ലേശകരമായ പ്രയത്നം ആവശ്യപ്പെട്ട ആ എല്ലാ ജോലികളും അദ്ദേഹം സന്തോഷത്തോടെ ചെയ്തു പോന്നു. അതിനുപുറമേയാണു് സാഹിത്യാഭ്യസനവും ഗവേഷണവും കവിതാരചനയും പുരാതന ഗ്രന്ഥപ്രകാശനവും പ്രസംഗങ്ങളും അതുപോലെ മററനേകം സേവനങ്ങളും. ഇത്രത്തോളം ബഹു കാര്യങ്ങളിൽ വ്യാപൃതനായിരുന്നിട്ടും ഓരോന്നിലും പൂർണ്ണമായ കഴിവു് പ്രകടിപ്പിക്കാൻ അദ്ദേഹത്തിനു് സാധിച്ചതു് അത്ഭുതമെന്നു സമ്മതിക്കണം. ഒരു നിമിഷവും പാഴാക്കാതെ, സമുദായാചാരങ്ങൾക്കു പോലും അത്യാവശ്യമുള്ളതിൽ അരനിമിഷം കൂടുതൽ കളയാതെ, ജീവിതത്തെ സമ്പൂർണ്ണമായി പ്രയോജനപ്പെടുത്തിയതുകൊണ്ടാണു് അദ്ദേഹത്തിനു് ഇത്രയെല്ലാം കഴിവായതു്. രാത്രിയിൽ ക്ലിപ്തസമയത്തു മാത്രം ഉറക്കം. ഉണർന്നിരിക്കുമ്പോൾ മുഴുക്കെ പ്രയത്നം. ഇതായിരുന്നു അദ്ദേഹത്തിൻെറ ദിനചര്യാവ്രതം. ഇതായിരുന്നു അദ്ദേഹത്തിന്റെ സിദ്ധികൾക്കു് ആദികാരണവും.

## ഉള്ളൂർ സാഹിത്യം

സാഹിത്യകാരൻ എന്ന നിലയ്ക്കാണല്ലോ ഉള്ളൂരിനെ മുഖ്യമായി സ്മരിക്കുന്നതു്. ഭാഷാസാഹിത്യം നവീനഘട്ട

ത്തിലേയ്ക്കു് കടന്നതു് ഉള്ളൂരിന്റെയും അദ്ദേഹത്തോടൊത്തു് ഓർമ്മിയ്ക്കേണ്ട മററു രണ്ടു മഹാകവികളുടെയും രംഗപ്രവേശത്തോടെയാണു്. കുമാരനാശാനെയും വള്ളത്തോളിനെയുമാണു് ഞാൻ ഇവിടെ സൂചിപ്പിക്കുന്നതെന്നു് പ്രത്യേകം പറയേണ്ടതില്ലല്ലൊ. കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ കാലംവരെ ഭാഷാകവിത പഴയ വഴിയിൽക്കൂടി സഞ്ചരിച്ചതേയുള്ളു. പാരമ്പര്യത്തിൽ തെളിഞ്ഞ ആ വഴിവിട്ടു് ഒരടിപോലും അങ്ങോട്ടുമിങ്ങോട്ടും വയ്ക്കാൻ ആരും യത്നിച്ചില്ല. ആംഗലവിദ്യാഭ്യാസം പ്രചരിച്ചപ്പോൾ മററുമണ്ഡലങ്ങളിലെന്നപോലെ സാഹിത്യത്തിലും പുതിയ ചിന്താഗതികളും അതിനനുസരിച്ചുള്ള പരീക്ഷണങ്ങളും ഉളവായി. പഴമയും പുതുമയും സമ്മേളിച്ചു. സാഹിത്യം പുതിയ ഒരു ഘട്ടത്തിലേക്ക് തിരിഞ്ഞു. ഗദ്യത്തിലും പദ്യത്തിലും നവീനത പ്രതിഫലിച്ചു. മഹാകാവ്യങ്ങളുടെ സ്ഥാനത്തു് ഖണ്ഡകാവ്യങ്ങളും ലഘുകാവ്യങ്ങളും ആവിർഭവിച്ചു. ഈ പരിവർത്തനം ഉള്ളൂരിന്റേയും ആശാന്റെയും വള്ളത്തോളിന്റെയും കവിതകളിൽ പ്രത്യേകം പ്രകടമായി. മലയാളത്തിലെ നവീനകവിതകളെപ്പററി ആലോചിക്കുമ്പോൾ ഈ മൂന്നു് കവികളെയും ചേർത്തു പരിഗണിക്കണം. അത്രകണ്ടു അവരുടെ സംഭാവനകൾക്കു് സാദൃശ്യമുണ്ടു്. അതായതു് നവീനതയെ പ്രചരിപ്പിച്ച രീതിയിൽ ഇവരിൽ ഓരോരുത്തരുടേയും കവിതയോടു് പക്ഷപാതികൾ ഉണ്ടു്. അവരുടെ പക്ഷപാതം വ്യക്തിപരമായ രുചിഭേദമായിട്ടേ കല്പിക്കാവൂ. നിർമ്മത്സരമായി പരിഗണിയ്ക്കുമ്പോൾ തുല്യസംഭാവനകൾകൊണ്ടു മലയാളത്തെ അനുഗ്രഹിച്ച മൂന്നു പ്രതിഭാശാ

ലികരം ഒരു കാലത്തു് ജീവിച്ചിരുന്നു എന്നു് പ്രസ്താവിക്കു വാനേ തരമുള്ളു.

## ഉള്ളൂരിൻെറ രീതി

പൌരസ്ത്യവിജ്ഞാനത്തിൽ അദ്വിതീയനായിരുന്ന ഉള്ളൂർ പ്രാചീനപദ്ധതിയിൽ കൂടിയാണു്, സാഹിത്യഭുവിൽ പ്രവേശിച്ചതു്. ആ രംഗപ്രവേശത്തിന്റെ വിജയം ആണു്, ഉമാകേരളമഹാകാവ്യമെന്നു പറയാം. കവിയുടെ കഴിവു് എത്രയെന്നു് അതു വ്യക്തമാക്കി. സംസ്കൃതത്തിന്റെ ചുവടുപിടിച്ച ഒരു പന്ഥാവിൽ നിന്നും ആംഗലിയുടെ നർമ്മമാർഗ്ഗത്തിലേക്കു തിരിഞ്ഞതായിരുന്നു പിൻകാലത്തു് അദ്ദേഹത്തിൻെറ മുഖ്യമായനേട്ടങ്ങൾക്കു കാരണം. മഹാകാവ്യം വിട്ടു ഖണ്ഡകാവ്യങ്ങളിലേക്കും ലഘുകാവ്യങ്ങളിലേക്കും അദ്ദേഹത്തിൻെറ കാവ്യവധൂടി സഞ്ചരിച്ചു. ഗൈർവാണിവൈദഗ്ദ്ധ്യംകൊണ്ടു് ആലങ്കാരികമാർഗ്ഗത്തിലുള്ള സഞ്ചാരത്തിനു് അനന്യസാധാരണമായ കെല്പു് അദ്ദേഹത്തിനു ഉണ്ടായിരുന്നു. ആംഗലപാണ്ഡിത്യം കൊണ്ടു് നവീനകാവ്യമാർഗ്ഗത്തിലുള്ള സഞ്ചാരത്തിനും അദ്ദേഹത്തിൻെറ സാമർത്ഥ്യം അതുല്യമായിരുന്നു. ആംഗലഭാഷയിൽ ഉയർന്ന ബിരുദം നേടിയ അദ്ദേഹം അതിവിസ്തൃതമായ കാവ്യവൈദഗ്ദ്ധ്യവും കവനനൈപുണിയും ആ ഭാഷയിൽ നേടിയിരുന്നു. മയൂരസന്ദേശത്തെ ആംഗലഭാഷയിലേക്കു് വിവർത്തനംചെയ്ത സരോജിനിദേവി തുടങ്ങിയവരുടെ പ്രശംസ സമ്പാദിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. അത്ര പ്രഗത്ഭതയോടുകൂടിയാണു് അദ്ദേഹം മലയാളകവിതയെ നൂതനമാർഗ്ഗത്തിൽ നയിച്ചതു്. പിൻകാ

ലത്തുള്ള കവിതകളിൽ അദ്ദേഹത്തിന്റെ ഇത്തരം പാണ്ഡിത്യസിദ്ധികളുടെ പ്രതിഫലനം തെളിഞ്ഞു കാണാവുന്നതുമാണ്. കർണ്ണഭൂഷണം, ഭക്തിദീപിക, പിംഗള തുടങ്ങിയുള്ള ഖണ്ഡകാവ്യങ്ങളിലും തുമ്പപ്പൂവ്, ബാലാങ്കുരം, പ്രേമസംഗീതം, മുതലായ ലഘുകവിതകളിലും ഉള്ളൂർ കാഴ്ചവച്ച കാവ്യവിഭവം ഈ വിഷയത്തിൽ സ്പഷ്ടമായ ഉദാഹരണമാണ്. അദ്ദേഹം എഴുതിയ മററനേകം കവിതകളെപ്പററി ഇവിടെ എടുത്തു പറയണമെന്നുമില്ലല്ലൊ. ഉജ്വലമായ രചനാരീതി, ചമൽക്കാരപൂർണ്ണമായ പ്രതിപാദനം, സമുന്നതമായ ഭാവനാരസാലങ്കാരങ്ങളുടെ സന്നിവേശം, ഉച്ചനീചഭാവങ്ങളെ തച്ചുടച്ചു സമത്വം ഭാവിക്കാനുള്ള ആഹ്വാനം ഇവയാണ് അദ്ദേഹത്തിൻെറ കവിതയുടെ മുഖ്യസ്വഭാവം. പുരാണങ്ങളിലും ചരിത്രങ്ങളിലും സമകാലിക ജീവിതത്തിലും നിന്നു രസകരമായ വിഷയങ്ങൾ അദ്ദേഹം സ്വീകരിച്ചു നൂതനദൃഷ്ടിയിലൂടെ അവയെ പ്രതിപാദിച്ചു. ലോകസാഹോദര്യവും സമുദായനീതിയും തത്വഭാവനകളും സമുചിതമായി പുലർത്തി അദ്ദേഹം കാവ്യശരീരത്തെ സമ്പുഷ്ടമാക്കുന്നുണ്ട്. അലങ്കാരങ്ങളുടെ ആരാധകനായും ചിലപ്പോൾ അവയുടെ ദാസനായും അദ്ദേഹം പ്രത്യക്ഷപ്പെടുന്നു.

## സവ്യസാചി

അദ്ദേഹത്തിൻെറ സാഹിത്യപ്രയത്നത്തെപ്പററി ചില സംഗതി എടുത്തു പറയാനുണ്ട്. പദ്യത്തിലെന്നപോലെ ഗദ്യത്തിലും അദ്ദേഹത്തിന്റെ സംഭാവന ഒന്നാംകിടയിൽ നില്ക്കുന്നു. ഇത്ര അധികം കവികൾ അവകാശ

പ്പെട്ടുന്ന ഒരു കാര്യമല്ല. മനോഹരങ്ങളായ അനേകം ഉപന്യാസങ്ങളും അംബ എന്ന ഗദ്യനാടകവും ഗദ്യകാരനെന്ന നിലയ്ക്കു് അദ്ദേഹത്തിന്റെ യശസ്സു നിലനിൎത്തും. ഇനിയും വേറൊന്നു്. കവികളിൽ അദ്ദേഹത്തിന്റെ സ്ഥാനം എത്ര കണ്ടു് ഉയൎന്നതാണോ അത്ര കണ്ടു നിരൂപകന്മാരുടെ ഇടയിലും അദ്ദേഹത്തിന്റെ സ്ഥാനം പ്രമുഖമാണു്. പ്രാചീനവും ആധുനികവുമായ എത്രയോ ഗ്രന്ഥങ്ങളെ നിരൂപണം ചെയ്തു് അദ്ദേഹം അവതരിപ്പിച്ചിട്ടുണ്ടു്. രാമചരിതം, കണ്ണശ്ശകൃതികൾ തുടങ്ങിയുള്ള അനേകം പ്രാചീനകൃതികൾ അദ്ദേഹത്തിന്റെ പ്രയത്നഫലമായിട്ടാണു് പുനൎജ്ജീവിച്ചതു്. വിശിഷ്ടമായ വേറൊരു സംഭാവന അദ്ദേഹം നൽകിയതു് കേരളചരിത്രഗവേഷണരൂപത്തിലാണു്. ഗവേഷണം കൊണ്ടു കേരളചരിത്രത്തിന്റെ പുരാതനവും തമോവൃതവും ആയ ഭാഗങ്ങളിൽ അദ്ദേഹം പതിപ്പിച്ച വെളിച്ചം ചരിത്രകാരന്മാൎക്കു മാൎഗ്ഗപ്രദയായിത്തീൎന്നു. നിരൂപണവും ഗവേഷണവും ഉൾക്കൊള്ളുന്ന ഒരു മഹാഗ്രന്ഥപരമ്പരയാണു വിജ്ഞാനദീപിക. ഉള്ളൂരിന്റെ സംഭാവന കേരളചരിത്രഗവേഷണത്തിൽ മാത്രമായിരുന്നെങ്കിൽ തന്നെയും നാം അദ്ദേഹത്തെ ലോഗൻ സായ്പു്, കെ. പി. പത്മനാഭമേനോൻ, ററി. കെ. വേലുപ്പിള്ള തുടങ്ങിയ ചരിത്രകാരന്മാരുടെ പംക്തിയിൽ ഇരുത്തി പൂജിക്കുമായിരുന്നു. ഇപ്പോൾ പ്രകാശിപ്പിച്ചിട്ടുള്ള അദ്ദേഹത്തിന്റെ വിപുലമായ ഭാഷാസാഹിത്യ ചരിത്രത്തെപ്പററിയും ഓർമ്മിക്കണം. അതു മലയാളത്തിനു് അനൎഘമായ സമ്പത്താണു്. ഭാഷാചമ്പുക്കളെപ്പററി അദ്ദേഹം രചിച്ചിട്ടുള്ള കൃതി ആ വിഷയത്തിൽ ഏററവും പ്രാമാണികമായ ഗ്രന്ഥമാണു്.

## സ്ഥാനമാനങ്ങൾ

ക്ലേശകരമായ ചുററുപാടുകളിലാണ് ഉള്ളൂരിൻെറ ജീവിതം ആരംഭിച്ചതെങ്കിലും ബുദ്ധിയും പരിശ്രമവും ഭാഗ്യവും അദ്ദേഹത്തെ ഉത്തരോത്തരം ഉൽക്കർഷത്തിലേക്കു നയിച്ചു. ഉദ്യോഗത്തിൽ എന്നപോലെ ബഹുജനസമ്മതിയിലും അദ്ദേഹം ഉയൎന്നുവന്നു. അധികാരസ്ഥാനങ്ങളിൽനിന്നും പണ്ഡിതസമിതികളിൽനിന്നും അദ്ദേഹത്തെപ്പോലെ സമ്മതി സമാൎജ്ജിക്കാൻ കഴിഞ്ഞ പണ്ഡിതന്മാരും കവികളും ചുരുക്കമാണ്. സാഹിത്യാദികാൎയ്യങ്ങളെ സംബന്ധിച്ചുള്ള വിദഗ്ദ്ധസമിതികളിൽ അദ്ദേഹത്തിന് അംഗത്വവും ആദ്ധ്യക്ഷ്യവും സിദ്ധിച്ചു. സാഹിത്യം ചരിത്രം തുടങ്ങിയുള്ള വിഷയങ്ങളിൽ പ്രവൎത്തിക്കുന്നവർ അദ്ദേഹത്തിൻെറ അഭിപ്രായം ആരായുകയും ആദരിക്കുകയും ചെയ്തു. സാഹിത്യത്തിൽ അദ്ദേഹത്തിനു സിദ്ധിച്ച അദ്വിതീയസ്ഥാനം സമസ്തകേരളസാഹിത്യപരിഷത്തിൻെറ സ്ഥിരാദ്ധ്യക്ഷപദവിയിലേക്ക് അദ്ദേഹത്തെ നയിച്ചു. രാജപ്രീതിയും മററധികാരസ്ഥാനങ്ങളുടെ പ്രീതിയും അദ്ദേഹത്തിൽ ബഹുമതി ചൊരിഞ്ഞു. റാവുസാഹിബ്, കവിതിലകൻ, മഹാകവി, സാഹിത്യഭൂഷണൻ, എന്നു ബിരുദങ്ങൾ ഇതിനു സാക്ഷ്യമാണ്. ഇങ്ങനെ അദ്ദേഹത്തിൻെറ പാണ്ഡിത്യജീവിതം സൎവഥാ ബഹുമാനം കൈക്കൊണ്ടു ശോഭിച്ചു.

## ശത്രുക്കളും മിത്രങ്ങളും

ഉജ്ജ്വലമായ ഈ ജീവിതവിജയം അദ്ദേഹത്തിന് ആരാധകന്മാരെമാത്രമല്ല സമ്പാദിച്ചതു്, അനേകം ശത്രു

ക്കളെയും അത്തുണ്ടാക്കിവച്ചു. ഔദ്യോഗികമായ അദ്ദേഹത്തിൻെറ ചില കൃത്യങ്ങൾ ചിലരെ ശത്രുക്കളാക്കി. പാഠപുസ്തകസമിതിയിൽ അംഗമെന്നനിലയ്ക്ക് അദ്ദേഹം പ്രകടിപ്പിച്ച അഭിപ്രായങ്ങൾ ചിലരെ വൈരികളാക്കി. അദ്ദേഹത്തിൻെറ വിജയവും യശസ്സും ചിലർക്ക സഹിക്കാതെ വന്നു. അവർ അദ്ദേഹത്തിൻെറ കൃതികളെ കക്ശമായി വിമർശിക്കവാനും തുടങ്ങി. ഇത്തരം നിരൂപകന്മാരുടെ വിമർശനംകൊണ്ടു് ഉള്ളൂരിനെയും ഉള്ളൂർ കൃതികളെയും പററി യഥാർത്ഥബോധം ഉണ്ടാകാൻ വഴിയില്ല. അദ്ദേഹത്തിൻെറ കവിതയിലും ഗവേഷണത്തിലും പോരായ്മകളുണ്ടു്. ഏതു മനുഷ്യനും ഉണ്ടാകാവുന്ന പോരായ്മകൾ. ആ കുറവുകൾ ചൂണ്ടിക്കാണിക്കേണ്ടതു് ആവശ്യവുമാണു്. എന്നാൽ അദ്ദേഹത്തിൻെറ അമൂല്യസേവനങ്ങളെ വിസ്മരിച്ചുകൊണ്ടുള്ള അപഹാസജല്പനങ്ങൾ നിരൂപണം ആകയില്ല എന്നേ ഓർമ്മിക്കാനുള്ളു.

## സ്മരണാഞ്ജലി

അദ്ദേഹത്തിൻെറ വാർദ്ധക്യത്തിൽ മാത്രമേ, എനിക്കു് അദ്ദേഹത്തെ പരിചയപ്പെടാൻ ഭാഗ്യമുണ്ടായുള്ളു. എങ്കിലും ഔദ്യോഗികകാര്യങ്ങളിലും വിദഗ്ദ്ധകൃത്യങ്ങളിലും പരീക്ഷക സമിതികളിലും അദ്ദേഹത്തോടൊത്തു പ്രവത്തിക്കാൻ എനിക്കു സന്ദർഭം കിട്ടിയിട്ടുണ്ടു്. അവിസ്മരണീയങ്ങളായ ആ സന്ദർഭങ്ങളിൽ തെളിഞ്ഞു കണ്ട അദ്ദേഹത്തിൻെറ വ്യക്തിമാഹാത്മ്യത്തെ ഞാൻ പ്രകീർത്തനം ചെയ്യട്ടെ.

ആ മഹാൻെറ സ്മരണയ്ക്കു് അഞ്ജലി.

# മിഥ്യാപവാദം

(വഞ്ചിപ്പാട്ട്)

൧

വ്യവഹാരാസനത്തിങ്കൽ
വിലസുന്ന സന്നദ്ധനാ-
യവധാനപരൻ നൃപ-
നജാതശത്രു ;
സ്മൃതികൾതൻകെട്ടഴിച്ചു
തിരയുന്ന ചിലതെല്ലാം
പ്രഥിതരാം പ്രാഡ്വിവാകർ
പരേംഗിതജ്ഞർ ;

നിറയുന്ന തെരുതെരെ
　　നിരവധി പൂരുഷാരം
പരമാർത്ഥമറിയുവാൻ
　　പ്രഭുവിൻമുന്നിൽ.
അതിന്മട്ടൊരപചാരം—
　　അതിജുഗുപ്സിതം—ആരു—
മതുവരെക്കേട്ടോരല്ല—
　　മ്മഗധഭൂവിൽ. 8

൯

ഉടനുടൻ പടവോരോ
　　ന്നുയർന്നിടും നെടുവീർപ്പാ—
ലുടലുലഞ്ഞൊളിമാഞ്ഞു
　　കലഞ്ഞിടവേ ;
കടുകടെയൊഴുകീടും
　　ചുടുമിഴിയിണനീരിൽ—
കുളുർകൊങ്കക്കുടം രണ്ടും
　　മുഴുകിടവേ ;

മിഥ്യാപവാദം

മഴമുകിൽതൊഴുമഴ-
        കെഴുമൊരുപുരികുഴ-
ലഴിഞ്ഞിഴഞ്ഞടിപററി-
        പ്പൊടിപെടവെ ;
വിളറിനകവിൾത്തട-
        ത്തെളിചില്ലിൽ വിയർപ്പുനീർ-
വളർമുത്തിൻനിര പൊടി-
        ഞ്ഞുടന്നിടവേ ;

തരിവളകിലുങ്ങിടും
        കരംകൊണ്ടു മാറിമാറി-
ത്തലയിലും മുലയിലു-
        മലച്ചുകൊണ്ടും ;
കുരകവിഞ്ഞേങ്ങിയേങ്ങി-
        ക്കരഞ്ഞെത്തു കശ്മലൻതൻ
കരളിലും കനിവിൻവി-
        ത്തുതിർത്തുകൊണ്ടും ;

ഇടയ്ക്കിടയ്ക്കരിശത്തിൽ-
ക്കരുക്കത്തിമൊട്ടൊളിപ്പ-
ല്ലിളന്തേന്മാന്തളിർചുണ്ടി-
ലിറുക്കിക്കൊണ്ടും ;—
അരചൻതൻ തിരുമുമ്പി-
ലശരണനിലയാ,ന്നോ-
രരിവയർമുടിപ്പൂൺപു
നിലകൊള്ളുന്നു. 24

൩.

കാവിയുടയാടചാർത്തി-
കൈത്തലത്തിലോട്ടമേന്തി-
ബ്‌ഭ്രുവിനൊരു പുതുദിവ്യ-
ജ്ജ്യോതിസ്സുപോലെ
ആ മടവാർതന്നരിക-
ത്താഗതനായ് വിളങ്ങുന്ന
സാമരസ്യധനികനാം
സന്ന്യാസിവര്യൻ

ശക്രനല്ല, ധരിത്രിയെ-
സ്സ്പൎശിക്കാത്തോന്നല്ല പാദ ; -
മൎക്കനല്ല, തേജസ്സിങ്കൽ-
ത്തിഗ്മതയില്ല ;
സോമനല്ല ; വപുസ്സിങ്ക-
ലങ്കപങ്കശങ്കയില്ല ;
കാമനല്ല, കരിമ്പുവിൽ
കരത്തിലില്ല,

ആൎക്കൾ വാഴ്ത്തുമപരനീ-
യങ്ഗഭാ—സ്സ്വബ്ഭഗവാൻ താൻ
ശാക്യമുനി, ശൌദ്ധോദനി ;
സൎവാത്ഥസിദ്ധാൻ.
ആപ്പൂരുഷശിഖാമണി-
ക്കപ്പുറം ഞാൻ പോംമുൻ, പൊരു
ക്രുപ്പുകരകൊച്ചുപൂമൊ-
ട്ടർച്ചിച്ചീടട്ടെ. 36

൪

ഇടനെഞ്ഞുപൊടിഞ്ഞുള്ള-
മെരിഞ്ഞേങ്ങിക്കരഞ്ഞിടും
പിടമാൻനേർമിഴിയാളെ-
പ്പിടച്ചിൽനീക്കി,
കടക്കൺകോൺവഴിപായും
കനിവാററിൽക്കുളിപ്പിച്ചു
കടൽക്കാഞ്ചീമടവാർതൻ
കണവനോതി;

'പറയുക കുമാരികേ!
പറയുക ഭവതിതൻ
പരമാർത്ഥം; ഭയമെന്തി-
പ്പരിസരത്തിൽ?
പൊറുക്കില്ലെൻപ്രകൃതംതല്ലു,-
ലവംതൻപൂവെതിർമെയ്യി-
ലൊരുനല്ലാർച്ചുടുകണ്ണീർ-
ക്കണികവീണാൽ." 44

൭

ഇടറിന മൊഴിയാലൊ-
ട്ടിതിനോതി മറുപടി-
യിടർത്തെല്ലൊന്നൊതുക്കിക്കൊ-
ണ്ടിരുൾകുഴലാൾ :
"ഒരു നല്ല കുലത്തിങ്കൽ-
പ്പിറന്നോൾ ഞാനെടയോനേ!
പിരിഞ്ഞവൾ ചെറുപ്പത്തിൽ-
പ്പിതാക്കളെമായ്.

പലരെത്തി പണമുള്ളോർ
പരിണയിക്കുവാനെന്നെ-
പ്പ്ഫലമി,ല്ലെൻമനസ്സതിൽ-
പ്പതിഞ്ഞതില്ല.
സുഖസിതപൊതിഞ്ഞതാ-
മഴൽനഞ്ഞുരുള്ളികയി-
മ്മഹിയിലെപ്പിറവി,യെ-
ന്നറിഞ്ഞവൾ ഞാൻ

ഉലകിന്നു വളർമതി-
യുണവിന്നുവിളനില,-
മുയർന്നിലകൊതിപ്പോക്കോ-
തലയാക്കോണി ;-
ഇതിന്മട്ടിൽപ്പൂകൾപെറേറാ-
രിവിടത്തേ-യത്തേമുററവും !
യതിസമ്രാട്ടെന്നു ലോകം
നിനയ്ക്കുവോനെ-

മിന്നുമിന്നപ്പൊഴും പച്ച-
ത്തൃണം മുഖംപൊതിയും പാഴ്-
ക്കിണററിനെ—ക്കിടയററ
ബകവ്രതിയെ—
ശരണമായ്ക്കരുതിച്ചെ-
ന്നടിമപൂകിടുന്നേൻ—ഒരു
മറിമായമറിയാത്ത
മടവാരല്ലേ ! ”

ഇടയ്ക്കൊന്നുവിരമിച്ചു
　　മടുത്തുകംമൊഴി, യൊട്ടു
നെടുവീർപ്പിട്ടനഘനാം
　　മുഷീശചരനെ
പുരികവിൽ വളച്ചും കൺ
　　മിഴിയിൽനിന്നെരികനൽ-
പ്പൊരിനിരതെറിപ്പിച്ചും
　　തുറിച്ചുനോക്കി. 64

൬

"ഒരുദിനം," തുടന്നാരം തൻ
　　കഥ നല്ലാർ, "മധുരമാ-
മിരവിലൊരിരുയാമം
　　കഴിഞ്ഞിടവേ;
അരിമയിൽ മുഴുമതി
　　മുകളിൽനിന്നവിരള-
മമൃതൊളിക്കളിർകതിർ
　　ചൊരിഞ്ഞിടവേ;

പുതുപരിമളം വീശും
നറുമലർ മഴപെയ്യും
ലതകൾ ചേർന്നിണങ്ങിന
നികുഞ്ജമൊന്നിൽ
ഉപദേശം നൽകുവാനെ-
ന്നരചെയ്തു നയിച്ചാനീ-
യുപചിതകപടനാം
തപസ്വിയെന്നെ. 72

൭

അവിടെച്ചെന്നതുമിതു-
മസംബന്ധം പുലമ്പിനാൻ ;
അവിവേകമനങ്ഗനാ-
ക്കണച്ചിടാത്തു ?
അനലനാണിവൻപോലു,-
മഭക്ഷ്യഭക്ഷകൻപോലു,-
മനർത്ഥമാക്കുപദേശ-
മവദ്ധ്യംപോലും ;

ഗുരുവിന്നു ശിഷ്യയെന്നും-
കൊടുത്തുകൊള്ളണം പോലും;
പെരുവഴി നിർവ്വാണത്തി-
ന്നതൊന്നുപോലും!

൨

"ഉടലണി കവർന്നിടാം,
മറ്റുപോരും തമ്പുരന്നു-
മയിരുന്നാ,മറ്റുപോരും
ശ്രാദ്ധദേവനും.
അപഹരിക്കൊല്ലേ ഭവാ-
നശരണയായിട്ടുമീ-
യബലതന്നാത്മസത്താം
ചാരിത്രംമാത്രം."

ഇതിൻമട്ടിലിരന്നേൻ ഞാൻ-
വെറുതെ;—യെൻകർമ്മഫല-
മിതരക്കു് ഭോഗ്യമാവാ-
നിടയില്ലല്ലോ.

‘അരുതെന്നുതട്ടുകെ, യി-
ട്ടൾ—ബല, നല്ല—മുഖ-
നരിയൊരെൻമാറിൽ— അയ്യോ !
മലയുലച്ചോൻ—
അകതാരിന്നരുതോർപ്പാ-
നതിന്നുമേൽ—അച്ചെയ്തിക്കെൻ
ഭഗവാനേ ! പാർവ്വണേന്ദോ !
ഭവാനേ സാക്ഷി.

സതികൾക്കു ശാപശക്തി
കലിയുഗം നൽകുന്നില്ല ;
വിധിയിന്നും ഉപഹസിപ്പിപ്പൂ-
വിടനിവനെ.
മഥിതമെൻ മനസ്സുമം
മഗധോർവ്വീമംഗലവാവേ !
പതിത ഞാൻ പരഗതി-
ക്കനർഹയല്ലോ ! ” 92

൯

ഏവമോതിസ്സതീനിൽക്കെ,—

സ്സദസ്സിൽ നിന്നെഴുന്നേററു

ദേവദത്തൻ, ക്ഷിതിപൻതൻ

നർമ്മസചിവൻ.

സോദരൻതാൻ ഗൌതമന്നു

ശുദ്ധോദനസുതനവൻ;

സോദരംതാൻ തങ്ങൾക്കിന്നു

കരിഞ്ചുണ്ടിയും.

ജ്ഞാതിപോരും വേറേവേണ്ട

ജാതവേദസ്സെന്നുണ്ടൊരു

സാധുവാദ, മതിന്നവൻ

തക്ക ദൃഷ്ടാന്തം.

ദുഷ്ടനവൻ പണ്ടുപണ്ടേ

സുഗതനെ ദ്രോഹിപ്പോൻ; അ-

ച്ചൊട്ടയിലെദ്ദുസ്സ്വഭാവം

ചുടലയോളം.

ഓതി ഖലൻ: “കേട്ടുവല്ലോ
തോഴരിക്കുഞ്ഞോമനന്ത-
ന്നാധികഥ-വെല്ലും സത്യ-
മെത്രവൈകീട്ടും.
ദേവദത്തനവിടുത്തെ
ദൈവതത്തിൻ ജന്മശത്രു
കേവലം തദവ്യാജവാക്യം
ത്യാജ്യം !! ആകട്ടെ,

ഒരംനതാങ്ങിയപരാധ-
മെത്രമൂത്താ,ലിവണ്ണംതൻ
മാനഭങ്ഗം വിളിച്ചോതും
രാജസദസ്സിൽ?
സോദരനിൽക്കൂറേറ്റും ഞാൻ
കുറഞ്ഞോന,ല്ലെന്നു ചെയ്യാ-
മാദരവുണ്ടതിലേററ-
മാചാരത്തിങ്കൽ. 108

൧൧

"നല്ല മതം സദ്ഗജൻതൻ
    നവ്യമതം! അതിൽച്ചേർന്നാൽ
സൊല്ലയില്ല; സുഖം! ക്ഷോണി-
    യപ്പുരോലോകം.
പോരു,മതിൻമേന്മയൊന്നും
    പുകഴ്ത്തേണ്ട; സാധ്വിമാർതൻ
ചാരിത്രത്തിൻ ശ്മശാനങ്ങൾ
    സംഘാരാമങ്ങൾ!

മാരജിത്തുപോലുമിവൻ!
    മതി മതി ; സതിയായി
വാരനാരീയശോധതി –
    യെന്നു പേരാന്നാൽ !!
മാരനെപ്പണ്ടൊരുദേവൻ
    കൺകനലിലെരിച്ചു പോൽ!
ഗൌരിയവൻതന്മെയ് പാതി
    തീറുവാങ്ങിപോൽ !!

മാരജിത്താമൊരുത്തനെ-
സ്സൃഷ്ടിചെയ്യാൻ സ്വപുത്രിയാൽ
ദാരവാനാം വിരിഞ്ചനു
മണ്ണുണ്ടോ കൈയിൽ?
വഹ്നിപോലും ! ശരി; കട-
ന്നാശ്രയാശനിവൻ തൊട്ടി-
കന്യകതൻ ശീലക്ഷൌമം
ഭസ്മമായില്ലേ?

൩൧

“ആരുകണ്ടു ? മന്നനിവ-
നിപ്പണിക്കോ പാതിരാവിൽ
സ്ത്രീരത്നങ്ങൾനിറഞ്ഞ തൻ
പെണ്മേടവിട്ടു ?
ഹാ ! വിയുക്തയങ്ങുഴന്നു
നാൾകഴിപ്പൂ യശോധര—;
യീവിരുതനിങ്ങു ചെയ്‌വൂ
കന്യാദൂഷണം !

ക്രൂടിയേ താനൊന്നു തീത്രു-
മർത്ത്യനെങ്കി,ലത്തു ധർമ്മം
പാടില്ലെന്നുവിലക്കുന്ന
പദാർത്ഥംമാത്രം !
മുണ്ഡിതമാം ശിരസ്സിനാൽ
മോഘവീര്യമാമോ ഭവ-
ദ്ദണ്ഡനീതിദേവതതൻ-
തീക്ഷ്ണനിസ്ത്രിംശം ?” 128

൧൩

നടുക്കമൊന്നുഴന്നുപോയ്
സദസ്യരാവാക്കുകേട്ടു
നടുക്കേതോ ബോംബുപൊട്ടി-
ത്തെറിച്ചപോലെ.
പരമോത്താനവനീശൻ;
“പരമാർത്ഥമായിടാമി-
പ്പുരട്ടുതമൊഴിയാരുംതൻ
പരിദേവനം.

ഒരുനോക്കെ നോക്കിയുള്ളൂ
പത്തുക്കെ ഞാൻ ; ഉടനെയെൻ
കരൾക്കാമ്പിക്കളവാണി-
കവന്നുവല്ലോ !
ഒരുവിധമവിടെന്നി-
ന്നതു ദൈവം സഹായിക്കെ-
ത്തിരിച്ചുഞാനെടുത്തപാ-
ടെനിക്കറിയാം !

കൊഴകൊഴെയൊഴുകമീ-
യഴകിലാർ വഴിതെററി-
പ്പിഴപ്പററിയഴൽമുററി-
ക്കഴകയില്ല !
അഹഹ ! പണ്ടൊരുതണ്ണീർ-
ക്കണംപോലുമശിക്കാത്ത
മഹർഷിമാരെയും മാരൻ
മയക്കിപോലും.

അന്നന്നം സുഗതൻതൻ
മതത്തിങ്കൽവിധിച്ചത-
ല്ലണവല്ലതിൽ വാട്ടമ-
ടലിനാക്കും.

ഫര്

"ഒരുപക്ഷ—യിരവുതൻ-
നടുവിങ്കൽ—ക്കുളിർമതി
നിറകതിർന്നിര നീളെ
വിതറുംനേരം—
പരിമളമിളകീട്ടു-
മൊരുവല്ലിക്കുടിലങ്കൽ—
ച്ചെറുതെന്നലൊതുക്കിന
മലർമെത്തയിൽ—

അരിവയർമുടിമുത്താ-
മിവളുമൊത്തകപ്പെട്ടാൽ—
അരികിൽ മറെറാരുഭ്രത-
രണഞ്ഞിട്ടാഞ്ഞാൽ—

യതിതന്നെ—സാക്ഷാൽജഗൽ
ഗുരു തന്നെ—മുനി തന്നെ—
പതിവായിദ്ധർമ്മാധ്വാവിൽ-
ച്ചരിപ്പോൻതന്നെ—

ഒരു നേർത്ത തലനാരി-
ന്നിടയല്ലീ നാട്ടുകളുള്ള
നെറിയും ഹാ ! നെറികേടും
തിരിച്ചുനിത്താൻ ?—
അലരമ്പനൊരു കണം
തരം നോക്കിവലിച്ചെയ്താൽ—
അതുകടന്നകതാരിൽ-
ക്കറിക്കകൊണ്ടാൽ—

അതിലെന്താരതിശയം ?—
അവിടുന്നും പുമാനല്ലേ ?
രതിപതി പണ്ടേതന്നെ
രിപുവുമല്ലേ ?

നിയമത്തിൻ പരിമിത-
　　പരിധിയിൽ നിൽക്കുന്നീല
നിയതിതൻ വിനോദങ്ങൾ
　　നിരങ്കുശങ്ങൾ !—
ശരി ! തെല്ലൊന്നയത്തുപോയ്
　　ഭഗവാനും !" എന്നുരച്ചാൻ
നരവരൻ :—അനുമാന-
　　ശരണൻ മർത്ത്യൻ !

൨൧

ഒരുമതെല്ലും വികാരത്താ-
　　ലുലയാത്ത മുഖത്തിങ്കൽ-
ച്ചെറുചിരികളിയാട്ടും
　　ജിനനെനോക്കി
"അറിയുമോ ഭവാൻ പണ്ടീ-
　　യബലയെ ?" എന്നാൻ മന്നവൻ ;
"അറിയും ഞാൻ" എന്നു ചൊന്നാൻ
　　മുനി സർവ്വജ്ഞൻ.

"അവിടെയ്ക്കിപ്പെൺകിടാവിൽ
പ്രിയമില്ലേ ?" എന്നാൻ നൃപൻ ;
"അവളുംതാൻ ഞാൻ" എന്നുരച്ചാ-
നഭയവാദി.
"അഴലില്ലേ ഹൃദയത്തി-
ലവിടുത്തേ"യ്ക്കെന്നാൻ ദേവൻ ;
"അഴലി"ല്ലെന്നരുളിനാൻ
സമന്തഭദ്രൻ. 168

൧൬൯

"മതിമതി ചിരി", യോതി-
നരപതി, "യങ്ങാശ്രുവധ-
പതിതനായ്പ്പോയി! മഹാ
പാപിയായ്പ്പോയി!!
അവഗതം ധ്രുവമീപ്പാ-
ളഖിലക്ഷമവിടുത്തേ—
യവനിതൻ പ്ര‘താരണ’
വിധാനരീതി!

അറിവുള്ളോർ പിഴ ചെയ്താ-
ലതിനൊത്ത ശിക്ഷകൊണ്ടേ
ധരണിയിൽധർമ്മതരു
തഴച്ചുനില്ക്കൂ.
പരമചണ്ഡാലനങ്ങ,
ഭഗവാനു,ല്ലങ്ങയിലെൻ
കരദണ്ഡമനുഷ്ഠിക്ക-
മതിൻകർത്തവ്യം."

൧൨

ദണ്ഡധരനാം നൃപനെ-
ത്തന്നെ മറന്നുടനൊന്നു
ദണ്ഡനമസ്കാരം ചെയ്വാൻ
ദേഹം കുനിക്കെ
മാർത്തടത്തിൽനിന്നു ചിത്രം!
മങ്കയാരംതൻ കൊങ്കരണ്ടും
പാർത്തലത്തിൽ സൂത്രം പൊട്ടി-
പ്പതിച്ചിടുന്നു.

'അയ്യോ' എന്നു പുറകോട്ടൊ-
ന്നാഞ്ഞു നിൽക്കെയണികുഴൽ
തയ്യലാൾതൻ മൌലിവിട്ടു
താഴെ വീഴുന്നു.
ആവലാതിക്കാരിയായ് വ-
ന്നങ്ങുനിന്നതരിയോരു
പൂവലങ്ഗിയല്ല ; പുമാൻ
സ്ത്രീവേഷധാരി.

ആ മുനിതന്നാക്രോശത്തി-
ന്നാരൊരുങ്ങുമകതാരിൽ-
കോമള്ളിമ കൂടികൊള്ളും
കുയിൽമൊഴിമാർ ?
അൿഖലന്നൊരസ്രവിയായ്-
പ്പാഞ്ഞിടുന്നു വിയർപ്പുനീർ ;
സ്വകപാണികൾ നനയ്ക്കുന്നു
ജിഹ്വപതന്നഗ്രം ;

തുള്ളിടുന്നു വിറച്ചുമെയ് ;
തല്ലിടുന്നുതലയിൽക്കൈ ;
കള്ളി പുറത്തായിടുന്ന
കള്ളനെക്കാണ്മിൻ.
വിഷ്ടരത്തിൽ നിന്നുടനേ
വിച്യുതനായ് ദേവദത്തൻ
വെട്ടപ്പെട്ട മരംപോലെ
മറിഞ്ഞിടുന്നു ;

പാണികൊണ്ടു തുടയ്ക്കുന്നു
ഫാലഘർമ്മജലം മന്നൻ ;
വീണ ചെങ്കോലെടുക്കുന്നു
വീണ്ടും തൻകൈയിൽ.
സ്തബ്ധരായി നിന്നിടുന്നു
സഭ്യർ ; അവരേവരിലും
ബുദ്ധദേവൻ പൊഴിക്കുന്നു
പൂർണ്ണകാരുണ്യം. 196

൨൬

ആക്ഷിതീശൻ, യതിനിന്ദ-
യൂഹിച്ചു പുമാനൊരു
ദാക്ഷിണാത്യഭൃഷ്ടകംസവംശാ-
ഗ്രണിയെന്നും,
സുന്ദരനമഭിനയ-
മർമ്മവിത്തുമാമവനെ-
ത്തന്നരികത്തണച്ചുതു
തൻ 'ദത്ത'നെന്നും,

കണ്ടനേരം കനത്തതാ-
മാധികൊണ്ടും വ്രീഡകൊണ്ടും
കണ്ഠറ്ഹത്തായ്, കുറെക്ഷണം
കുബ്ജവപുസ്സായ്,
നിന്നു, പിന്നെ നിശ്ചലനായ്
മുന്നിൽമേവും മുനീന്ദ്രനോ-
ടൊന്നുരച്ചാനപചിത-
പ്രശ്രയം വാക്യം. 204

൩൯

"ഭഗവാനേ! ഭഗവാനേ!
പരിണതസുകൃതയാം
ജഗതിതൻ വാടാച്ചെണ്ടേ!
കെടാവിളക്കേ!
ഹന്ത! ഞാനെന്തപരാധ-
മാചരിച്ചേൻ; അലംഘ്യവാം-
മന്തരായം സമുന്നതി-
ക്കാർജ്ജിച്ചേനയ്യോ?

ആയിരത്തിൽപ്പരം ഭൂലോ-
കാപ്സരസ്ത്രീമണികളെ-
യായിരവിൽ കൃമികളെ-
ന്നോർത്തകന്നോനേ!
പൊന്മകുടം കാഴ്ചവെയ്ക്കും
രാജലക്ഷ്മീപതിംവര-
പ്പെണ്മണിയെപ്പിരിഞ്ഞുചെന്നു
വിട്ടൊഴിഞ്ഞോനേ!

പാടിയഴിഞ്ഞാടിവരും
പഞ്ചശരവിലാസിനീ-
കോടികളിൽക്കൂടിയുള്ളം
കോടിടാത്തോനേ !
വിണ്ടലവുംമയക്കീടും
ഇഷ്ടയാകും മോഹിനിയെ
മുണ്ഡയാക്കാൻ മുതിർന്നോനേ !
മൂലോകബന്ധോ !

ആമട്ടെല്ലാമരുളിട്ടു-
മങ്ങേയും ഞാനൊരു കേവലം
സാമാന്യനാം നരനെന്നു
ശങ്കിച്ചുവല്ലോ !
ഭുവിലിപ്പോൾപ്പതിച്ചതു
പോർമുലകളല്ല,ഖലർ
ദേവദത്തഭ്രൂകുംസർത-
ന്നാശാഘടങ്ങൾ ;

പൂഴിപററിക്കിടപ്പതു
　　പൂവണിവാർകുഴലല്ല
മോഴപിരണ്ടിരുന്നോരെൻ
　　മോഹാന്ധകാരം. 22

൨൩

"എള്ളിടയായ് നുറുക്കുവ-
　　നിവരെ ഞാൻ" എന്നു ചീറി-
പ്പുള്ളിയുടവാളലച്ചു
　　പായും നൃപനെ
അരുതെന്നു തടുത്തുകൊ-
　　ണ്ടഘൃണാഘനഘൃദ്ദ്വ-
നഹിംസാധർമ്മോപജ്ഞാതാ-
　　വരുളിച്ചെയ്തു:

'ഇവൾ—അല്ലന്നിരിക്കുകി,-
　　ലിവൻ—അ,ങ്ങെൻ സഹജൻ, ഞാൻ—
ഇവരെല്ലാമൊരുവർതാ,-
　　നിരുവരല്ല;

അരുതരുതപരർത്ത

ന്നപകാരം—ഉത്തമമല്ലാതം ;—

ഒരുപൊൽത്തൂണിതുതാങ്ങി-

യുലകു നിൽപ്പൂ !

കെട്ടത്തൊല്ലേ കൊളുത്തുവാൻ

കഴിയാത്ത വിളക്കാരും ;

തട്ടക്കൊല്ലേ തന്മുന്നേററം

തൻകൈയാൽത്തന്നെ.”

* * * * *

തിരികയായ് തിതിക്ഷാപൂ-

ണ്ടവനീശൻപുറകോട്ടു ;

പിരികയായ് നാലുപാടും

സഭാസദന്മാർ ;

ചൊരികയായ് മുനി വീണ്ടും

കനിവുനീരുലകെങ്ങും,

വരികയായ് തെളിവാക്ക-

മകക്ഷരുന്നിൽ.

## ടിപ്പണി

(1) വ്യവഹാരാസനത്തിങ്കൽ=ന്യായാസനത്തിങ്കൽ (നീതിപീഠത്തിൽ), സന്നദ്ധനായി=കുററം ചെയ്തവരെ ശിക്ഷിക്കാൻ വ്യഗ്രതയോടുകൂടി, അവധാനപരൻ=ശ്രദ്ധാലു. പ്രഥിതർ=വിശ്രുതർ, പ്രാഡ്വിവാകർ=ന്യായാധിപതിമാർ (ജഡ്ജിമാർ), പുരുഷാരം=ജനസമൂഹം, പ്രഭു=രാജാ, അതിജുഗുപ്സിതം=അത്യധികം നിന്ദിക്കപ്പെടേണ്ടതു്.

(2) പടവാരോന്നു്=പടിപ്പടിയായി. കലങ്ങിടവേ=വിറച്ചിടവേ, ചുടുമിഴിയിണനീരു് = കണ്ണുനീരു്. പുരികുഴൽ=ചികുരം, ചുരുണ്ടു ഭംഗിയാർന്ന തലമുടി, അലച്ചു=അടിച്ചുകൊണ്ടും. കനിവിൻവിത്തു=കാരുണ്യത്തിന്റെ മുള, കുരുക്കുത്തിമൊട്ടൊളിപ്പല്ലു്=കുരുക്കുത്തി മുല്ലയുടെ മൊട്ടുപോലെ ശോഭിക്കുന്ന പല്ലോടുകൂടിയവൾ=സുന്ദരി എന്നർത്ഥം. അരിവയർ മുടിപ്പൂൺപു=സുന്ദരിമാരുടെ നടുനായകം എന്നർത്ഥം.

(3) കാവിയുടയാട=കാവിവസ്ത്രം, പുതുദിവ്യജ്യോതിസ്സുപോലെ=പുതിയ ദിവ്യ നക്ഷത്രം പോലെ. ശക്രനല്ല=ഇന്ദ്രനല്ല, അർക്കനല്ല=സൂർയ്യനല്ല, തിഗ്മതയില്ല=ചൂടില്ല (തീക്ഷ്ണത), സോമനല്ല=ചന്ദ്രനല്ല, അങ്ഗഭാസ്സ്=അംഗലാവണ്യം, ശൌദ്ധോദനി=ശുദ്ധോദനന്റെ പുത്രൻ സർവാർത്ഥസിദ്ധൻ=സകലത്തും സാധിച്ചവൻ. ബുദ്ധദേവൻ,

(4) പിടച്ചിൽനീക്കി=പരിഭ്രമംനീക്കി. കനിവാററിൽ=കാരുണ്യമാകുന്നആറിൽ. കടൽക്കാഞ്ചിമടവാർതൻ കണവൻ=രാജാവു്. പുകഴ്ത്തയ്യൽ=കീർത്തിദേവി. നല്ലാർ =സുന്ദരി. കണ്ണീർക്കണിക=കണ്ണുനീർത്തുള്ളി.

(5) ഇടർ=ദുഃഖം, ഇരുൾകുഴലാൾ=ഇരുണ്ട നിറ (കറുത്തു)ത്തോടുകൂടി ചുരുണ്ട തലമുടിയോടുകൂടിയവൾ (സുന്ദരിയെന്നർത്ഥം) ഉടയോനേ! =രാജാവേ! പിതാക്കൾ =മാതാപിതാക്കൾ. സുഖസിത=സുഖമാകുന്ന പഞ്ചസാര. നഞ്ചുഗുളിക=വിഷഗുളിക. മഹി=ഭൂമി. യതിസമ്രാട്ട്= യതികളുടെ ചക്രവർത്തി. പച്ചത്തൃണം=പച്ചപ്പുല്ലു്. ബകവ്രതി=കള്ളം ചെയ്യുന്നവൻ, കള്ളസന്യാസി. മറിമായം= ചതിവു്. മട്ടുത്തുകുംമൊഴി=തേനിന്റെ മാധുര്യത്തോടു കൂടിയ വാക്കോടുകൂടിയവൾ. അനവദ്യൻ=കുററമററവൻ, പരിപൂർണ്ണൻ.

(6) ഇരുയാമം=രണ്ടു യാമം. അരിമയിൽ = അരുമയിൽ=ഭംഗിയിൽ. മുഴുമതി=പൂർണ്ണചന്ദ്രൻ. അധിരളാ= സമ്പൂർണ്ണമായി. അമൃതൊളികളിർകതിർ=പൂനിലാവു്. നികുഞ്ജം= വള്ളിക്കുടിൽ. ഉപചിതകപടൻ = കാപട്യം കൊണ്ടു മൂടപ്പെട്ട.

(7) അനങ്ഗൻ = കാമദേവൻ, അനൂഢമാർ = വിവാഹിതരാകാത്ത സ്ത്രീജനങ്ങൾ(യുവതികൾ) നിർവാണം= ജീവന്മുക്തി ബുദ്ധമതാവലംബികൾക്കു നിർവാണം എന്നു വച്ചാൽ സകല ദുഃഖങ്ങളിൽ നിന്നും പരിപൂർണ്ണമായ മോചനം എന്നർത്ഥം.

(8 ഉടലണി=വസ്ത്രം, ശ്രാദ്ധദേവൻ=കാലൻ. ദശബലൻ=ഇതു് ബുദ്ധൻെറ ഒരു പര്യായമാകുന്നു. ദാനം, ശീലം, ക്ഷമ, വീര്യം, ധ്യാനം, പ്രജ്ഞ, ബലം, ഉപായം, പ്രണിധി, ജ്ഞാനം, ഈ പത്തു ബലമുള്ളവൻ. സതികൾ=പതിവ്രതകൾ. മഥിതം=ഇളക്കപ്പെട്ട. മനശ്ശമം=മനശ്ശാന്തി. മഗധോർവീമഘവാവേ!=മഗധരാജ്യത്തിലെ രാജാവേ! പരഗതി=മോക്ഷപ്രാപ്തി (സ്വർഗ്ഗപ്രാപ്തി)

(9) നമ്മസചിവൻ=സുഹൃത്തു്. തണ്മാരിന്നു=താമരപ്പൂവിനു, കരിഞ്ചണ്ടി=പായൽ. ജ്ഞാനി=ബന്ധു, ജാതവേദസ്സ്=അഗ്നി. സുഗതൻ=ബുദ്ധദേവൻ.

(10) ആധികഥ=ദുഃഖഹേതുകമായ കഥ. വെല്ലും=ജയിക്കും.

(11) സഹജൻ=സഹോദരൻ, നവ്യമതം=പുത്തൻമതം. ക്ഷോണി=ഭൂമി. സാധ്വിമാർ=പതിവ്രതകൾ സംഘാരാമങ്ങൾ=ബൗദ്ധഭിക്ഷുണികൾ നിവസിക്കുന്ന സ്ഥലം മാരജിത്തു്=കാമക്രോധാദികളെ ജയിച്ചവൻ, ബുദ്ധദേവൻ. ആശ്രയാശൻ=അടുത്തുവരുന്ന സകലത്തിനേയും ഭുജിക്കുന്ന (ദഹിപ്പിക്കുന്ന)വൻ. ശീലക്ഷൗമം=ശീലമാകുന്ന വസ്ത്രം =സൽസ്വഭാവം.

(12) ഉഴന്നു = വിഷമിച്ചു്, മുണ്ഡിതമാം = ക്ഷൗരം ചെയ്യപ്പെട്ട, മോഘവീര്യ =നിർവീര്യം.

(13) പരഭൃതമൊഴിയാൾ=കുയിലിന്റെ ശബ്ദത്തോടു കൂടിയവൾ. പരഭൃതം എന്നപേരിനു് അന്യനാൽ വളർത്ത

പ്പെട്ടതു് എന്നാകുന്നു അർത്ഥം കയ്യിൽ കാക്കയാൽ വളർത്ത പ്പെടുന്നതാണല്ലൊ. ഇവിടെ ഈ പദം അർത്ഥവത്തായി പ്രയോഗിച്ചിരിക്കുന്നു അഴകിൽ=ഭംഗിയിൽ. അഴൽമുററി= ദുഃഖം അധികമായി. കുഴയുകയില്ല=ബുദ്ധിമുട്ടുകയില്ല അനശനം=ഉപവാസം, അണവല്ല=അണയുകയില്ല=സംഭവിക്കുകയില്ല.

(14) കുളിർമതി=ചന്ദ്രൻ. ചെറുതെന്നൽ = മന്ദമാരുതൻ. അരിവയർമുടിമുത്താം=സുന്ദരിമാരുടെ നടുനായകമായി വിളങ്ങുന്ന, മററാരുഭ്രതർ = മററാരും. ധർമ്മാധ്വാവിൽ=ധർമ്മവഴിയിൽ, ചരിപ്പോൾ=സഞ്ചരിപ്പോൾ. രതിപതി=കാമൻ, രിപു=ശത്രു. പരിമിത=ചുരുങ്ങിയ. നിയതി =വിധി. നിരങ്കുശങ്ങൾ=വ്യവസ്ഥയില്ലാത്തതു്. അനുമാനശരണൻ=അനുമാനത്തെ (ഊഹത്തെ) ശരണമാക്കുന്നവൻ.

(15) ജിനൻ=ബുദ്ധദേവൻ. സർവ്വജ്ഞൻ = എല്ലാം അറിയുന്നവൻ=ബുദ്ധദേവൻ. അദ്വയവാദീ=ജീവപരാഭേദത്തെ വ്യക്തമാക്കുന്നവൻ. സമന്തഭദ്രൻ=എല്ലായിടത്തും മംഗളം പരത്തുന്നവൻ.

(16) അത്യുഗ്രപതിതൻ=ഏററവും വലിയ പതിതൻ (പാപിഷ്ഠൻ), വളരെ ഉയരെനിന്നും അഗാധത്തിൽ വീണവൻ എന്നു വാച്യാർത്ഥം. അന്തഃഗതം=മനസ്സിലായി. ധ്രുവം =സൂക്ഷ്മമായി. പ്രതാരണ=വിമോചന, വിധാനരീതി= ആസൂത്രണരീതി. ഭൂമിയിലുള്ള ജനങ്ങളെ ആസകലം അവരുടെ ദുഃഖങ്ങളിൽ നിന്നും പരിപൂർണ്ണമായി മോചിപ്പിക്കുവാനുള്ളതായിരുന്നുവല്ലൊ ബുദ്ധദേവന്റെ കർമ്മപദ്ധതി

ധമ്മതരു=ധർമ്മവൃക്ഷം. ഭഗവാൻ (ഐശ്വര്യം, വീര്യം, യശസ്സ് ശ്രീ, ജ്ഞാനം, വൈരാഗ്യം, ഈ ഷൾ ഗുണങ്ങളും പരിപൂർണ്ണമായി തികഞ്ഞവൻ)=ബുദ്ധൻ.

(17) ദണ്ഡധരൻ=ചെങ്കോൽ ധരിച്ചവൻ, ശാസനാധികാരത്തോടു കൂടിയവൻ എന്നർത്ഥം. ദണ്ഡനമസ്കാരം=സാഷ്ടാംഗനമസ്കാരം. ചിത്രം=ആശ്ചര്യം. സൂത്രം=(ചരട്) നൂല്. അണികുഴൽ തയ്യലാൾ=സുന്ദരി മൌലി=തല പൂവലണ്ണി=മാർദ്ദവമുള്ള ശരീരത്തോടുകൂടിയവൾ, സുന്ദരിയെന്നർത്ഥം. ആക്രോശം=അധിക്ഷേപം, ശകാരം. സൃക്വണികൾ=വായയുടെ രണ്ടറ്റം (കടവായ്=ചൊടികൾ രണ്ടുംകൂടി അവസാനിക്കുന്നസ്ഥലം) മെയ്=ശരീരം. വിഷ്ടരം=ഇരിപ്പിടം. വിച്യുതനായി=വീണവനായി. ഫാലഘർമ്മജലം=നെററിയിലെ വിയർപ്പുനീർ.

(18) ഭ്രുകുംസൻ=സ്ത്രീയുടെ വേഷം ധരിച്ചു നൃത്തം ചെയ്യുന്ന പുരുഷൻ. വ്രീഡ=ലജ്ജ. കണ്ഠഹൃത്ത്=ഹൃദയം തളൎന്നവനായി. കുബ്ജവപുസ്സായി = ശരീരം വളഞ്ഞവനായി, കുനിഞ്ഞവനായി. ഉപചിതപ്രശ്രയം=വർദ്ധിച്ച ആദരവോടുകൂടിയ.

(19) പരിണതസുകൃതയാം=പുണ്യം പൂർണ്ണമായ് കൈവന്ന (ബുദ്ധൻെറ അവതാരത്താൽ) ജഗതി=ഭൂമി. അലഘുവാം=എളുപ്പത്തിൽ, അന്തരായം=വിഘ്നം, മുടക്കം രാജലക്ഷ്മീപതിംവര=സ്വയം ഭർത്താവിനെ വരിക്കുന്ന രാജ്യശ്രീ. പഞ്ചശരവിലാസിനീകോടികൾ = കാമമോട്ടി

പകളായ അനേകം സ്ത്രീകൾ. കോടിടാത്തോൻ=കുടിലമാകാത്തോൻ. തൃഷ്ണ=ആഗ്രഹം. മുണ്ഡയാക്കാൻ=നിവ്വീര്യമാക്കാൻ. പോർമുല=യൗവ്വനമുള്ളവളുടെ സ്തനം (മാറിൽ തിങ്ങി നിറഞ്ഞു ശോഭിക്കുന്നതു് എന്നർത്ഥം) ആശാഘടങ്ങൾ = ആശയാകുന്നമൺകുടങ്ങൾ. മോഴ=ഭോഷത്വം. മോഹാന്ധകാരം=മോഹമാകുന്ന ഇരുട്ട്.

(20) നുറുക്കുവൻ=കഷണം കഷണമാക്കുക (തുണ്ടു തുണ്ടാക്കുക) പള്ളിയുടവാൾ=രാജാക്കന്മാരുടെ വാൾ. അർഹണാർഹൻ=പൂജാർഹൻ. അർഹദ്രവൻ=ബുദ്ധഭഗവാൻ =അഹിംസാധർമ്മോപജ്ഞാതാവ്=അഹിംസാധർമ്മം ആദ്യമായി പ്രചരിപ്പിച്ചവൻ. ആത്മഘാതം=തന്നെത്താൻ കൊല്ലുന്നതു്. തന്മുന്നേററം=തന്റെ പുരോഗതി. തിതിക്ഷ =ക്ഷമ, സഭാസദന്മാർ=സഭയിൽ സംബന്ധിച്ചവർ. മുനി=ബുദ്ധദേവൻ. കനിവുനീരു=കാരുണ്യം. അകക്കരുന്നിൽ=മനസ്സിൽ.

---

2088

# മഹാകവി ഉള്ളൂരിന്റെ ചില ഇതര കൃതികൾ

| | | ക. | ണ. |
|---|---|---|---|
| ഉമാകേരളം | ... | 2 | 14 |
| അമൃതധാര | ... | 1 | 8 |
| തരംഗിണി | ... | 1 | 4 |
| രത്നമാല | ... | 1 | 8 |
| ഭാഷാചമ്പുക്കൾ | ... | 3 | 0 |
| അംബ (ഒരു ഗദ്യനാടകം) | ... | 2 | 8 |
| കർണ്ണഭൂഷണം | ... | 1 | 4 |
| ബാലദീപിക | ... | 0 | 4 |
| സ്മരണമാധുരി | ... | 1 | 4 |
| താരഹാരം | ... | 1 | 8 |
| വിജ്ഞാനദീപിക (Part II) | ... | 5 | 0 |
| Do. (Part III) | ... | 2 | 4 |
| Do. (Part IV) | ... | 2 | 4 |

അപേക്ഷിക്കേണ്ടും മേൽവിലാസം:-

**ULLUR PUBLISHERS,**
**JAGATHY, TRIVANDRUM**

BINDING AT ULLUR PUBLISHERS, TRIVANDRUM

# മിഥ്യാപവാദം

ഉള്ളൂർ

Indic Digital Archive Foundation
gpura.org